125/73
6/6/17

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല എരുമേലി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. രവി സമർപ്പിച്ച പുന:പരിശോധനാ ഹർജി - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1734/2017/തസ്വഭവ | തീയതി, തിരുവനന്തപുരം, 26.05.2017

---

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.10.2009-ലെ ഇ 5-(എസ് സി 15/2009/കെടിഎം) 15963/2009 നമ്പർ കത്ത്

2. സ.ഉ.(സാധാ) നം.1093/2012/തസ്വഭവ തീയതി 10.04.2012

3. ശ്രീ. കെ. രവി സമർപ്പിച്ച 10.05.2012-ലെ പുന:പരിശോധനാ ഹർജി

**ഉത്തരവ്**

എരുമേലി ഗ്രാമപഞ്ചായത്തിൽ നടന്ന വിവിധ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് പരാമർശം (2) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു. അതനുസരിച്ച് ടി പഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. കെ. രവിയുടെ 2 വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ 2 വർഷത്തേയ്ക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു.

ടി ഉത്തരവിനെതിരെ ശ്രീ. കെ. രവി പരാമർശം (3) പ്രകാരം പുന:പരിശോധന ഹർജി സമർപ്പിച്ചു. ടി ഹർജിയിൽ പഞ്ചായത്തിൽ പരിശോധന നടക്കുന്നത് 10.07.2009-ലാണെന്നും ടി പഞ്ചായത്തിലെ തന്റെ സേവനക്കാലം 21.05.2008-ൽ അവസാനിച്ചെന്നും താൻ ഈ പഞ്ചായത്തിൽ നിന്നും മാറി 10 മാസങ്ങൾക്ക് ശേഷമാണ് പരിശോധന നടത്തിയതെന്നും തനിക്കെതിരെ ആരോപിച്ചിട്ടുള്ള പല ക്രമക്കേടുകളും തന്റെ കാലശേഷമാണ് നടന്നതെന്നും തനിക്ക് സംഭവിച്ച സൂപ്പർവൈസറി ലാപ്സ് മനപൂർവ്വമോ ദുരുദ്ദേശപരമോ ആയിരുന്നില്ലെന്നും ഇതുമൂലം പഞ്ചായത്തിനോ ഗവൺമെന്റിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ ശ്രീ. രവിയുടെ എരുമേലി ഗ്രാമപഞ്ചായത്തിലെ സേവനകാലത്തെ (31.07.2006 മുതൽ 19.05.2008 വരെ) മേൽനോട്ട വീഴ്ചയ്ക്കാണ് ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ എരുമേലി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. രവി സമർപ്പിച്ച ഹർജി പുന:പരിശോധനാർഹമല്ലെന്ന് കണ്ട് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. രവി, മുൻ സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.30726/ഇപിബി2/2012/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ